# സുഗതകുമാരി

# തുലാവർഷപ്പച്ച

8M1 SUG/T
CASMTVK
1243

സുഗതകുമാരി • തുലാവർഷപ്പച്ച

## തുലാവർഷപ്പച്ച

### സുഗതകുമാരി



എന്റെ വഴിയിലെ തണലിനും മരക്കൊമ്പിലെ
കൊച്ചു കുയിലിനും നന്ദി.

വഴിയിലെ കൂർത്ത നോവിനും നന്ദി
മിഴി ചുവപ്പിച്ച സൂര്യനും നന്ദി
നീട്ടിയോരു കൈക്കുമ്പിളിൽ ജലം
വാർത്തുതന്ന നിൻ കനവിനും നന്ദി.

മലയാള കാല്പനികകവിതയുടെ ഹരിതഭംഗി മുഴുവനായും ഒപ്പിയെടുത്ത സുഗതകുമാരിക്കവിതയുടെ സഫലമായ ഒരു സമാഹാരം. മലയാളത്തിന്റെ തെളിനീരുറവയാണിത്. സാരെ ജഹാംസെ അച്ഛ, അമ്മ, കാക്കപ്പൂവ്, രാത്രി, നിശാശലഭം, പെൺകുഞ്ഞ്-90, എല്ലാം വെറുതെ, ആന, തെരുക്കൂത്ത് തുടങ്ങി 34 കവിതകൾ. ജൂഡിത്ത് റൈറ്റിന്റെ പത്തു കവിതകളുടെ വിവർത്തനവും.

കവർ ഡിസൈൻ: ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡിസി ബുക്സ്
www.dcbooks.com
കവിത

ISBN 81-7130-158-4
9 788171 301584 00011
E-book available
₹ 100

## സുഗതകുമാരി

1934 ജനുവരിയിൽ ജനിച്ചു. തത്ത്വശാസ്ത്രത്തിൽ എം.എ. ബിരുദം. തിരുവനന്തപുരം ജവാഹർ ബാലഭവന്റെ പ്രിൻസിപ്പൽ, കുട്ടികൾക്കുള്ള 'തളിര്' മാസികയുടെ പത്രാധിപ, സംസ്ഥാന വനിതാ കമ്മീഷൻ അദ്ധ്യക്ഷ എന്നീ സ്ഥാനങ്ങൾ വഹിച്ചു. പ്രകൃതിസംരക്ഷണസമിതിയുടെയും 'അഭയ'യുടെയും സ്ഥാപക സെക്രട്ടറി. കേരള സാഹിത്യ അക്കാദമി അവാർഡ് *(പാതിരാപ്പൂക്കൾ)*, സാഹിത്യ അക്കാദമി അവാർഡ്, സാഹിത്യപ്രവർത്തക അവാർഡ് *(രാത്രിമഴ)*, ഓടക്കുഴൽ അവാർഡ്, ആശാൻ പ്രൈസ്, വയലാർ അവാർഡ് *(അമ്പലമണി)*, ആശാൻ സ്മാരക സമിതി (മദ്രാസ്) അവാർഡ് *(കുറിഞ്ഞിപ്പൂക്കൾ)*, വിശ്വദീപം അവാർഡ് *(തുലാവർഷപ്പച്ച)*, അബുദാബി മലയാളി സമാജം അവാർഡ് *(രാധയെവിടെ?)*, ജന്മാഷ്ടമി പുരസ്കാരം *(കൃഷ്ണകവിതകൾ)*, സാമൂഹ്യ സേവനത്തിനുള്ള ഭാട്ടിയ അവാർഡ്, സേക്രഡ് സോൾ അന്തർദ്ദേശീയ പുരസ്കാരം, പ്രകൃതിസംരക്ഷണയത്നങ്ങൾക്കുള്ള ഇന്ത്യാ ഗവണ്മെന്റിന്റെ ആദ്യത്തെ വൃക്ഷമിത്ര അവാർഡ് എന്നിവ ലഭിച്ചു. 2006-ൽ രാഷ്ട്രം പത്മശ്രീ നല്കി ആദരിച്ചു.

### സുഗതകുമാരിയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*കവിത*
അമ്പലമണി
കുറിഞ്ഞിപ്പൂക്കൾ
രാത്രിമഴ
രാധയെവിടെ?
ദേവദാസി
കൃഷ്ണകവിതകൾ
മണലെഴുത്ത്
സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം
തുലാവർഷപ്പച്ച
പൂവഴി മരുവഴി

*ബാലസാഹിത്യം*
വാഴത്തേൻ
ഒരു കുല പൂവുംകൂടി
അയലത്തു പറയുന്ന കഥകൾ

*ഉപന്യാസം*
കാവു തീണ്ടല്ലേ...
മേഘം വന്നു തൊട്ടപ്പോൾ
വാരിയെല്ല്

LIBRARY

സുഗതകുമാരി

# തുലാവർഷപ്പച്ച

അവതാരിക
കെ. രാമചന്ദ്രൻനായർ

ഡി സി ബുക്സ്

MALAYALAM LANGUAGE
Thulāvarshappacha

POEM
*by* Sugathakumari

Rights Reserved

First Published December 1990
This edition - February 2017

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Sugathakumari.
Thulavarshappacha/Sugathakumari.
112 p., 21 cm.
ISBN 81-7130-158-4
1. Malayalam poem. I. Title.
8M1*–dc22
*(This is local variation of DDC number for Malayalam literature: Thulavarshappacha.)

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-7130-158-4

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 100.00

786/16-17-Sl.No. 16039-dcb 1234-(11)1000-3076-12-16-Itc. 17.0-p as-r(t) vu-d(t) rk

## കവിതകൾ

*അവതാരിക* ..................................... 7

മലമുകളിലിരിക്കെ... ..................................... 17
പാദപ്രതിഷ്ഠ ..................................... 19
തുലാവർഷപ്പച്ച ..................................... 23
'അഭിസാരിക' ..................................... 26
സാരേ ജഹാം സെ അച്ഛാ! ..................................... 28
ദില്ലിയിൽ തണുപ്പത്ത് ..................................... 30
സിംഹാസനം ..................................... 34
അമ്മ ..................................... 36
"കവിഹൃദയമോ നീ വിഹഗമോ?" ..................................... 42
കാക്കപ്പൂവ് ..................................... 44
നിശാശലഭം ..................................... 47
പാല പൂത്തിതു പാഴായ്! ..................................... 48
ഇതു മാനസ സരസ്സാണ്... ..................................... 50
രാത്രി ..................................... 51
വ്യഥ ..................................... 55
നട്ടു മറന്ന വിത്ത് ..................................... 57
ഇറങ്ങാൻ തുടങ്ങുമ്പോൾ ..................................... 59
കാലിഫോർണിയാ കാടുകളിൽ ..................................... 60
നിലാവ് ..................................... 62
പ്രേതം ..................................... 64

ചീനക്കുട്ടി .......... 66
ഏതു പൂവിൻ മണമാണിത്? .......... 67
കാത്യ .......... 69
ഗൃഹാതുരത .......... 71
തിരിച്ചറിയൽ .......... 73
തെരുക്കൂത്ത് .......... 76
മരങ്ങൾ .......... 78
ആന .......... 82
വിളക്ക് .......... 88
എൻ.വി. .......... 89
പെൺകുഞ്ഞ്–90 .......... 91
താളപ്പിഴ .......... 95
എല്ലാം വെറുതെ .......... 99
നന്ദി .......... 101
ജൂഡിത് റൈറ്റിന്റെ കവിതകൾ .......... 102

## അവതാരിക

കെ. രാമചന്ദ്രൻനായർ

കാവ്യജീവിതത്തിന്റെ പ്രാരംഭഘട്ടത്തിൽത്തന്നെ തനതായൊരു പ്രപഞ്ചം കണ്ടെത്തുക, ആ പ്രപഞ്ചത്തിന്റെ ഘടനയിൽ തന്റെ സർഗപരമായ അസ്തിത്വത്തിന്റെ ഭിന്നഭിന്ന ഘടകങ്ങൾ മുഴുക്കെ ഹൃദ്യമാംവണ്ണം ഇണക്കിച്ചേർക്കുക, എന്നിട്ടാ പ്രപഞ്ചത്തോട് ആദ്യന്തം അവിച്ഛിന്നവും ഏകതാനവുമായ സത്യസന്ധത പുലർത്തുക—ഇത് ഏതു കവിക്കും ദുർലഭമായ ഒരു വരദാനമാണ്. സുഗതകുമാരിക്ക് അതെന്നേ ലഭിച്ചു കഴിഞ്ഞിരിക്കുന്നു! അവർ കവിതയെഴുതിത്തുടങ്ങിയ കാലത്ത് എത്ര ക്ഷുബ്ധമായിരുന്നു നമ്മുടെ കാവ്യാന്തരീക്ഷം എന്ന് ഞാനോർത്തു പോവുകയാണ്. ഒരു ഭാഗത്ത് കവിതയുടെ ഭാവിയെച്ചൊല്ലിയുള്ള ഭയാശങ്കകൾ; മറുഭാഗത്ത് കവിതയുടെ അലകും പിടിയും മാറ്റിപ്പണിയാനുള്ള പരീക്ഷണ സാഹസങ്ങൾ. ഇവയുടെ നടുവിൽ തെല്ലും പതറാതെ, അനന്യമായ ആത്മസ്ഥൈര്യത്തോടെ സുഗതകുമാരി കവിതയെഴുതി. അവർ ഒരു തണൽമരവും തേടിപ്പോയില്ല; ഒരു ശബ്ദത്തിനും പ്രതിശബ്ദമായതുമില്ല. എന്തൊക്കെയാണവർ എഴുതിയത്? തന്റെ പ്രേമത്തെപ്പറ്റി, തന്റെ ദുഃഖത്തെപ്പറ്റി, തന്റെ സ്വപ്നങ്ങളെയും പ്രതീക്ഷകളെയും പറ്റി, തന്നെ വിഹ്വലമാക്കുന്ന ആകുലതകളെയും നൈരാശ്യങ്ങളെയും പറ്റി, താൻ കാണുന്ന വെളിച്ചത്തെപ്പറ്റി, ഇരുട്ടിനെപ്പറ്റി; ഒപ്പം തന്നെച്ചൂഴുന്ന ബാഹ്യപ്രകൃതിയെയും മനുഷ്യനെയും പറ്റി; അതിലുമുപരി എപ്പോഴും തന്നോടൊപ്പമുള്ള തന്റെ കണ്ണനെപ്പറ്റി. അതായിരുന്നു സുഗതകുമാരിയുടെ പ്രപഞ്ചം. അവിടെ ഓരോന്നിനും അതാതിന്റേതായ ഉണ്മയുണ്ട്; സ്വത്വമുണ്ട്. എങ്കിലും ഒന്നും ഒറ്റപ്പെടുന്നില്ല; ഒന്നും മറ്റൊന്നിന് അന്യമാകുന്നില്ല. എല്ലാം ഇണങ്ങിച്ചേരുകയാണ്; എല്ലാം ഇണങ്ങിച്ചേർന്ന് ഒരു ഏകത്വം രൂപംകൊള്ളുകയാണ്. സർവവും വിഘടിതമാകുന്ന ഒരു കാലസന്ധിയിൽ സുഗതകുമാരി തന്റെ കവിതയിൽ ഉദ്ഗ്രഥിതമായ ഒരു പ്രപഞ്ചം മെനഞ്ഞെടുക്കുന്നു—അനുഭൂതിതലത്തിലും ദർശനതലത്തിലും ഉദ്ഗ്രഥിതമായ ഒരു പ്രപഞ്ചം. എന്നിട്ടാ പ്രപഞ്ചത്തോട്, പ്രലോഭനങ്ങൾ പലതുണ്ടായിട്ടും അചഞ്ചലമായ കൂറ് പുലർത്തുകയും ചെയ്യുന്നു.

ഉദ്ഗ്രഥിതമായ ആ പ്രപഞ്ചവീക്ഷണത്തിൽ തെളിഞ്ഞു കാണുന്ന ചിത്രങ്ങളുടെ സമാഹാരംതന്നെയാണ് 'തുലാവർഷപ്പച്ച'യും. എന്തൊക്കെയാണാ ചിത്രങ്ങൾ? പുതുമഴ കഴിയുമ്പോൾ 'നവശ്യാമ വധുപോൽ